UAE EXCHANGE
Service is our Currency
Customer care:
Tel: 17228224
SMS Touch point :
32223005
Email: customer.care@bh.uaeexchange.com

The First International Indian Newspaper
ഗൾഫ്
മാധ്യമം

BAHRAIN
gulf madhyamam | GMYM 171 • SATURDAY, DECEMBER 15, 2012 • SAFAR 1, 1434 • PAGE 16 | ISSUE 4970 | 100 FILS

ST CARGO S.P.C.
The People's Choice
Door To Door
Fast Service
Qudaibiya, Bahrain
Tel : 17292905, 38382801

15 ഡിസംബർ 2012 ശനി



സൂസൻ റൈസ് യു.എസ് സ്റ്റേറ്റ് സെക്രട്ടറി സ്ഥാനത്തേക്കില്ല
■ പേജ് 5 അന്താരാഷ്ട്രീയം

വോട്ടിങ് ശതമാനമേറിയിട്ടും ബി.ജെ.പിക്ക് ആധി ബാക്കി
■ പേജ് 7 പൊതുവ്യത്താന്തം

വിജയറൂട്ടിൽ ഇംഗ്ലണ്ട്
■ പേജ് 15 കായികം

FG
പ്രവാസത്തിന്റെ പാതി നൂറ്റാണ്ടും
ഗൾഫ് മാധ്യമത്തിന്റെ പതിറ്റാണ്ടും

Batelco
ഇപ്പോൾ സിംസിമിനൊപ്പം 3 ദിനാറിന് അൺലിമിറ്റഡ് മൊബൈൽ ഇൻറർനെറ്റ്
RU3 എന്ന് ടൈപ്പ് ചെയ്ത് 4554 ലേക്ക് അയക്കുക
THE ORIGINAL PREPAID SIMSIM
*Terms & Conditions Apply
batelco.com

മീഡിയവൺ ഫെബ്രുവരി 10ന്

കോഴിക്കോട്: പുതു ദൃശ്യമാധ്യമ സംസ്കാരത്തിന് തുടക്കംകുറിക്കാൻ 'മീഡിയവണ്' ചാനൽ മിഴിതുറക്കുന്നു. മാധ്യമം ദിനപത്രത്തിന്റെ രജത ജൂബിലി ഉപഹാരമായ മീഡിയവണിന്റെ ഔപചാരിക ഉദ്ഘാടനം 2013 ഫെബ്രുവരി 10ന് നടക്കും.

കോഴിക്കോട് മെഡിക്കൽ കോളജിനു സമീപം വെള്ളിപറമ്പിൽ ആസ്ഥാന മന്ദിരത്തിന്റെയും ആധുനിക സ്റ്റുഡിയോ കോംപ്ലക്സിന്റെയും നിർമാണം പൂർത്തിയായതായി മാധ്യമം ബ്രോഡ്കാസ്റ്റിങ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ഡോ. അബ്ദുസ്സലാം അഹ്മദ് അറിയിച്ചു. യാഥാർഥ്യങ്ങളുടെ കലർപ്പില്ലാത്ത അവതരണമാണ് ചാനൽ ലക്ഷ്യംവെക്കുന്നത്. വാർത്തകൾക്കും വാർത്താധിഷ്ഠിത പരിപാടികൾക്കുമൊപ്പം കുടുംബ സദസ്സുകൾക്ക് ആസ്വാദ്യകരമായ വേറിട്ട വിനോദപരിപാടികളും ചാനൽ സംപ്രേഷണം ചെയ്യും. പ്രാദേശിക വാർത്തകൾക്കുപുറമെ ദേശീയ, അന്തർദേശീയ വാർത്തകൾക്കും അർഹമായ പ്രാധാന്യം നൽകും. ക്രിയാത്മക വിമർശത്തിന് മതിയായ ഇടംനൽകുന്ന ചാനൽ, കേരളത്തിന് ദിശാബോധം നൽകുന്ന സംവാദങ്ങളായിരിക്കും അവതരിപ്പിക്കുക. യുവജനങ്ങളെയും സ്ത്രീകളെയും കുട്ടികളെയും പ്രത്യേകം അഭിമുഖീകരിക്കുന്ന പരിപാടികൾക്ക് പ്രാധാന്യമുണ്ടാകും. പ്രവാസി സമൂഹത്തിന്റെ സ്പന്ദനങ്ങൾക്കൊപ്പമായിരിക്കും മീഡിയവൺ. കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക വികസനത്തിന് പ്രവാസി സമൂഹം നൽകിയ സംഭാവനകൾ ചാനലിന്റെ വാർത്തയിലും പരിപാടികളിലും പ്രതിഫലിക്കും.

രാജ്യത്തിനകത്തും പുറത്തുമുള്ള വിവിധ കേന്ദ്രങ്ങളിൽനിന്ന് തത്സമയ സംപ്രേഷണം സാധ്യമാക്കുന്നതിന് തിരുവനന്തപുരം, കൊച്ചി, ദൽഹി, ദുബൈ എന്നിവിടങ്ങളിലും സ്റ്റുഡിയോകൾ സജ്ജീകരിച്ചിട്ടുണ്ട്. വിവരസാങ്കേതിക വിദ്യയുടെ ഏറ്റവും പുതിയ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിലൂടെ ലോകമെങ്ങുമുള്ള മലയാളികൾക്ക് തുടക്കം മുതൽ ചാനൽ ലഭ്യമാകും.

പരിചയസമ്പന്നരോടൊപ്പം പുതുതലമുറയുടെ മികവും പ്രകടമാവുന്ന ടീമാണ് മീഡിയവൺ സജ്ജമാക്കിയിട്ടുള്ളത്. വർധിച്ച ജനപങ്കാളിത്തവും കേരളത്തിനകത്തും പുറത്തും ഗൾഫ് മേഖലയിലുമായി മാധ്യമം ദിനപത്രത്തിനും ഗൾഫ് മാധ്യമത്തിനുമുള്ള വിശാലമായ ശൃംഖലകളും അഭ്യുദയകാംക്ഷികൾ നൽകുന്ന കരുത്തും കൈമുതലാക്കിയാണ് മീഡിയവൺ സംപ്രേഷണം തുടങ്ങുന്നത്.

വലിയൊരു സമൂഹം പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചാനൽ എന്നത് ഉത്തരവാദിത്തബോധം വർധിപ്പിക്കുന്നുണ്ടെന്നും അതുൾക്കൊണ്ടുതന്നെയാണ് മീഡിയവൺ ദൃശ്യമാധ്യമ ലോകത്തേക്ക് പ്രവേശിക്കുന്നതെന്നും മീഡിയവൺ ശിൽപികൾ പറഞ്ഞു.

റഹ്മാൻ മാലിക് ദൽഹിയിൽ

ഇന്ത്യയും പാകിസ്താനും വിസ ഇളവുകളിലേക്ക്

റഹ്മാൻ മാലിക്

ന്യൂദൽഹി: സമാധാന പ്രക്രിയയുമായി മുന്നോട്ടു കൊണ്ടുപോവുകയെന്ന ദൗത്യവുമായി പാകിസ്താൻ ആഭ്യന്തര മന്ത്രി റഹ്മാൻ മാലിക് ദൽഹിയിൽ. യാത്രാ നിയന്ത്രണങ്ങളുടെ പിരിമുറുക്കം കുറക്കുന്ന പുതിയ വിസ കരാറിന് രണ്ടു രാജ്യങ്ങളും ഈ സന്ദർശനത്തിനിടയിൽ ഒപ്പുവെക്കും. 38 വർഷമായി തുടരുന്ന കർക്കശ വിസ നിയന്ത്രണങ്ങളാണ് ഉദാരമാക്കുന്നത്. ദൽഹി വിമാനത്താവളത്തിൽ എത്തിയ റഹ്മാൻ മാലിക്കിനെ ആഭ്യന്തര സഹമന്ത്രി ആർ.പി.എൻ സിങ്ങിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു.

പരസ്പര ബന്ധത്തിൽ സമാധാനത്തിനിടയിൽ ഒപ്പുവെക്കും. 38 വർഷമായി തുടരുന്ന കർക്കശ വിസ നത്തിന്റെ സന്ദേശവുമായാണ് താൻ എത്തിയിരിക്കുന്നതെന്ന് റഹ്മാൻ മാലിക് പറഞ്ഞു.

അരിക്കടകളിൽ റെയ്ഡ്

•പാലക്കാട്ട് മൂന്ന് റേഷൻ കടയുടമകൾ അറസ്റ്റിൽ • തൃശൂരിൽ രണ്ടു ഗോഡൗണുകൾ സീൽ ചെയ്തു • പാലക്കാട്ട് ഇന്ന് റേഷൻ കടമുടക്കം • കൊല്ലത്ത് ഹർത്താൽ

സ്വന്തം ലേഖകർ

തിരുവനന്തപുരം: അരിവില കുതിച്ചുയരുന്ന സാഹചര്യത്തിൽ പൂഴ്ത്തിവെപ്പ് കണ്ടെത്താൻ പൊലീസ്-സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ നടത്തിയ സംസ്ഥാന വ്യാപക റെയ്ഡിൽ വൻക്രമക്കേട് കണ്ടെത്തി. വയനാട്, കോഴിക്കോട്, തൃശൂർ, പാലക്കാട്, എറണാകുളം, കൊല്ലം ജില്ലകളിൽ അനധികൃതമായി സൂക്ഷിച്ച അരി പിടിച്ചെടുത്തു. ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് പാലക്കാട് മൂന്നു റേഷൻ കടയുടമകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. റെയ്ഡിനെ തുടർന്ന് ഇന്ന് കൊല്ലത്ത് വ്യാപാരി വ്യവസായി സംഘടനകൾ ഹർത്താൽ പ്രഖ്യാപിച്ചിട്ടുണ്ട്.

എഫ്.സി.ഐയുടെ മുദ്ര പതിപ്പിച്ച ചാക്കുകളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്ത അരിയുമാണ് മിക്കയിടത്തും പിടിച്ചെടുത്തത്. അരി മൊത്ത വിതരണകേന്ദ്രങ്ങളിലും റെയ്ഡ് നടന്നു. വില കുതിച്ചുയർന്നിട്ടും കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടയാൻ സർക്കാർ ഇടപെടുന്നില്ലെന്ന വിമർശത്തിനിടെയാണ് റെയ്ഡ്.

തിരുവനന്തപുരത്ത് ചാലയിലും വള്ളക്കടവിലും സ്വകാര്യ ഗോഡൗണുകൾ ഫോർട്ട് സി.ഐയുടെ നേതൃത്വത്തിൽ പരിശോധിച്ചു. ഈ ഗോഡൗണുകളിൽനിന്ന് അനധികൃതമായി ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് പൊലീസ് അറിയിച്ചു. എറണാകുളം ജില്ലയിലെ 24 റേഷൻ കടകളിലും എട്ട് റേഷൻ മൊത്തവ്യാപാര സ്ഥാപനങ്ങളിലും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ ക്രമക്കേട് കണ്ടെത്തി.

മൂവാറ്റുപുഴ വേഴക്കാപിള്ളിയിലെ സ്വകാര്യ ഗോഡൗണിൽ ആവശ്യമായ രേഖകളില്ലാതെ സൂക്ഷിച്ച 345 ചാക്ക് അരിയും അഞ്ച് ചാക്ക് ഗോതമ്പും റൂറൽ എസ്.പിയുടെ നേതൃത്വത്തിൽ പൊലീസ് പിടിച്ചെടുത്തു. ഗോഡൗൺ ഉടമ മൊയ്തുവിനെ പലവട്ടം പൊലീസ് വിളിച്ചെങ്കിലും സ്ഥലത്തെത്തിയില്ല. തുടർന്ന് താഴ് പൊളിച്ചാണ് ഗോഡൗൺ പൊലീസ് റെയ്ഡ് ചെയ്തത്.

തൃശൂർ ജില്ലയിൽ ആറ് അരി മൊത്ത വിതരണകേന്ദ്രങ്ങളിൽ സിവിൽ സപ്ലൈസും പൊലീസും നടത്തിയ പരിശോധനയിൽ രണ്ട് സ്വകാര്യ ഗോഡൗണുകളിൽനിന്ന് 230 ചാക്ക് അരി പിടിച്ചെടുത്തു. മുണ്ടൂരിലെ സ്റ്റാർ ട്രേഡേഴ്സ്, എടക്കളത്തൂർ ട്രേഡേഴ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് റേഷനരി യാണെന്ന സംശയത്തെത്തുടർന്ന് മട്ട, വെള്ളയരി ഉൾപ്പെടെ 230 ചാക്ക് അരി കസ്റ്റഡിയിലെടുത്തത്. ഈ ഗോഡൗണുകൾ സീൽ ചെയ്തു. പുതുക്കാട്, വാടാനപ്പള്ളി എന്നിവിടങ്ങളിൽ റേഷൻ കടകളിലും തൃത്തല്ലൂർ, കുന്നംകുളം, ചാവക്കാട് എന്നിവിടങ്ങളിൽ സ്വകാര്യ ഗോഡൗണുകളിലുമായിരുന്നു പരിശോധന. കാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ പരിശോധനക്കുശേഷമെ റേഷനരിയാണെന്ന് സ്ഥിരീകരിക്കാനാകുവെന്ന് സിവിൽ സപ്ലൈസ് അധികൃതർ അറിയിച്ചു. കോഴിക്കോട് വലിയങ്ങാടിയിലെ അരി മൊത്തവ്യാപാര സ്ഥാപനങ്ങളിൽ നടത്തിയ റെയ്ഡിൽ പി.എം ട്രേഡേഴ്സിൽനിന്ന് റേഷനരിയെന്ന് സംശയിക്കുന്ന 19 ചാക്ക് അരി പിടികൂടി. മുമ്പും ഇവിടെനിന്ന് റേഷനരി പിടിച്ചെടുത്തിരുന്നു. പിടിച്ചെടുത്ത അരിയുടെ ബിൽ ഉണ്ടായിരുന്നില്ല. അരി ശേഖരിച്ച വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നുമില്ല. പെട്ടെന്ന് പിടിക്കപ്പെടാതിരിക്കാൻ അരി സിവിൽ സപ്ലൈസ് മുദ്രയുള്ള ചാക്കിൽനിന്ന് മറ്റ് ചാക്കുകളിലേക്ക് മാറ്റിയതാകാമെന്ന് പൊലീസ് പറഞ്ഞു. വടകര നഗരത്തിലെ അരി മൊത്ത വ്യാപാര കേന്ദ്രങ്ങളിൽ നടന്ന റെയ്ഡിൽ അനധികൃതമായി സൂക്ഷിച്ച 357 ചാക്ക് അരി പിടികൂടി. വയനാട്ടിൽ പത്തിടത്താണ് പരിശോധന നടന്നത്. മാനന്തവാടിയിൽ നിന്ന് അരി പിടികൂടിയതായി പൊലീസ് അറിയിച്ചു. സുൽത്താൻ ബത്തേരിയിൽ കണക്കിൽപ്പെടാത്ത അരി ശേഖരിച്ചത് കണ്ടെത്തിയിട്ടുണ്ട്. ക്രമക്കേട് നടത്തിയതായി തെളിഞ്ഞവർക്കെതിരെ അവശ്യ സാധന നിയമ പ്രകാരം കേസെടുത്തു. പാലക്കാട് ജില്ലയിൽ മൂന്ന് റേഷൻ കടകളിൽ നടത്തിയ റെയ്ഡിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിലും കൂടുതൽ സൂക്ഷിച്ച അരി പൊലീസ് പിടിച്ചെടുത്തു. ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ഒറ്റപ്പാലം താലൂക്കിലെ എളമ്പിലാശ്ശേരിയിൽ 393ാം നമ്പർ റേഷൻ കടയുടമ ജയപ്രകാശ്, മണ്ണാർക്കാട് ടൗണിൽ 313ാം നമ്പർ കടയുടമ മാധവൻ, ചിറ്റൂർ താലൂക്കിൽ വടവന്നൂരിൽ 783ാം നമ്പർ കടയുടമ സിറാജുദ്ദീൻ എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കാതെ പൊലീസ് തനിച്ച് നടത്തിയ പരിശോധനയിലും അറസ്റ്റിലും പ്രതിഷേധിച്ച് ശനിയാഴ്ച ജില്ലയിലെ മുഴുവൻ റേഷൻ കടകളും അടച്ചിടുമെന്ന് റേഷൻ വ്യാപാരികളുടെ സംയുക്ത സമിതി അറിയിച്ചു.

കണ്ണൂരിൽ അരിക്കടകളിലും ഗോഡൗണുകളിലും പൊലീസ് നടത്തിയ പരിശോധന തലശ്ശേരിയിൽ വ്യാപാരികളുടെ ഹർത്താലിൽ കലാശിച്ചു. കണ്ണൂരിൽ 17 കടകളിലാണ് റെയ്ഡ് നടത്തിയത്. ജനമധ്യത്തിൽ മോശമായി ചിത്രീകരിക്കുന്ന വിധത്തിലായിരുന്നു പരിശോധന എന്നാരോപിച്ചായിരുന്നു ഹർത്താൽ. സംയുക്ത വ്യാപാരി സംഘടനകളുടെ നേതൃത്വത്തിൽ ഉച്ച മൂന്ന് മണി മുതലാണ് കടകളടച്ച് പ്രതിഷേധിച്ചത്. പരിശോധനയിൽ എവിടെയും കാര്യമായ ക്രമക്കേടുകൾ കണ്ടെത്തിയില്ല.

കാസർകോട് ജില്ലയിൽ ആറ് കേന്ദ്രങ്ങളിലാണ് പൊലീസ് റെയ്ഡ് നടത്തിയത്. കാസർകോട്, കുമ്പള, മഞ്ചേശ്വരം, ബദിയടുക്ക, മുള്ളേരിയ, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലെ അരി വിപണന കേന്ദ്രങ്ങളിലാണ് റെയ്ഡ്. അനധികൃതമായി ഒന്നും തന്നെ കണ്ടുകിട്ടിയില്ലെന്ന് ജില്ലാ പൊലീസ് മേധാവി എസ്. സുരേന്ദ്രൻ അറിയിച്ചു.

അരി പൂഴ്ത്തിവെപ്പ് തടയുന്നതിന് കോഴിക്കോട് വലിയങ്ങാടിയിൽ പൊലീസ് നടത്തിയ പരിശോധന

17ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ വിവിധ പുരസ്കാരങ്ങൾ നേടിയ സംവിധായകരായ മനോജ് കാന, ഫ്രാൻസിസ്ക സിൽവ, ജോയ് മാത്യു, നിധിൻ കക്കർ, നടൻ അലി റസാ അഗാഖാനി, കെ. ഗോപിനാഥ് തുടങ്ങിയവർ മുഖ്യമന്ത്രിക്കൊപ്പം

'സ്റ്റാ നിന'ക്ക് സുവർണ ചകോരം

തിരുവനന്തപുരം: 17ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയിലെ മികച്ച അന്തർദേശീയ ചിത്രത്തിനുള്ള സുവർണ ചകോരം ഇമ്മാനുവൽ കിനേറാ പാലോ സംവിധാനം ചെയ്ത ഫിലിപ്പൈൻസ് ചിത്രം സ്റ്റാ നിന നേടി. മികച്ച സംവിധാനത്തിനുള്ള രജതചകോരം സ്പാനിഷ് ചിത്രമായ 'ഇവാൻസ് വുമൺ' സംവിധാനം ചെയ്ത ഫ്രാൻസിസ്ക സിൽവ നേടി.

മികച്ച നവാഗത സംവിധായകനുള്ള രജത ചകോരം ഫിലിമിസ്താനിന്റെ സംവിധായകൻ നിതിൻ കക്കർ കരസ്ഥമാക്കി. അലൻ ഗോമിസ് സംവിധാനം ചെയ്ത സെനഗൽ ചിത്രം ടുഡേയും അലി മൊസാഫയുടെ ഇറാനിയൻ ചിത്രം ദ ലാസ്റ്റ് സ്റ്റെപ്പും ജൂറിയുടെ പ്രത്യേക പരാമർശത്തിന് അർഹമായി. ജോയ് മാത്യു സംവിധാനം ചെയ്ത മലയാള ചിത്രമായ 'ഷട്ടർ' ആണ് മികച്ച പ്രേക്ഷകചിത്രം.

അന്തർദേശീയ ചലച്ചിത്ര നിരൂപക ഫെഡറേഷൻ (ഫിപ്രസി) അവാർഡുകൾ മെർസാക് അലൗച്ച് സംവിധാനം ചെയ്ത ദ് റിപ്പൻറൻറും കെ.ഗോപിനാഥൻ സംവിധാനം ചെയ്ത മലയാള ചിത്രമായ 'ഇത്രമാത്ര'വും നേടി.

മികച്ച ഏഷ്യൻ ചിത്രത്തിനുള്ള പുരസ്കാരം മലയാളിയായ കമൽ കെ.എമ്മിന്റെ 'ഐ.ഡി' യും മികച്ച മലയാള ചിത്രത്തിനുള്ള പുരസ്കാരം അരുൺ കുമാർ അരവിന്ദിന്റെ 'ഈ അടുത്തകാലത്തും' നേടി. മികച്ച ഇന്ത്യൻ നവാഗത സംവിധായകനുള്ള ഹസൻകുട്ടി അവാർഡിന് മലയാള ചിത്രമായ ചായില്യത്തിന്റെ സംവിധായകൻ മനോജ് കാന അർഹനായി.

മാധ്യമ അവാർഡിന് ജന്മഭൂമിയുടെ ആർ. പ്രദീപും മെട്രോ വാർത്തയുടെ ആർ. റിൻസും അർഹരായി. ദൃശ്യമാധ്യമ വിഭാഗത്തിൽ മനോരമ ന്യൂസിലെ ദീപാ കേലാട്ടിനും ഇന്ത്യാവിഷനിലെ സാമിർ സലാമിനുമാണ് അവാർഡ്. റേഡിയോ വിഭാഗത്തിൽ ബിഗ് എഫ്.എമ്മിലെ പാർവതി നായരും ഓൺലൈൻ വിഭാഗത്തിൽ മനോരമ ഓൺലൈനും പുരസ്കാരങ്ങൾ നേടി.

LuLu International Exchange
ഞങ്ങൾക്കറിയാം
പണത്തിന്റെ മൂല്യം!
സ്വപ്നങ്ങളും
പ്രതീക്ഷകളും
കൈമാറുന്നതിന്റെ മൂല്യം!!
Account Credit • Forex
Demand Draft • My Card (WPS)
Cash Pickup Service • Bill Payments
Value Added Services
www.luluexchange.com

മിനിലോറി ബൈക്കിലിടിച്ച് രണ്ടു യുവാക്കൾ മരിച്ചു

രഞ്ജിത്ത്

പയ്യോളി: അമിത വേഗതയിൽ കാറിനെ മറികടക്കാൻ ശ്രമിച്ച മിനിലോറി എതിരെവന്ന മോട്ടോർ ബൈക്കിലിടിച്ച് രണ്ട് യുവാക്കൾ മരിച്ചു. കാർ യാത്രക്കാരായ മൂന്നുപേർക്ക് പരിക്കേറ്റു.

ദേശീയപാതയിൽ അയനിക്കാട് പോസ്റ്റോഫിസിനു സമീപം വെള്ളിയാഴ്ച നാലുമണിയോടെയാണ് അപകടം. ബൈക്ക് യാത്രികരായ കുറ്റ്യാടി നെട്ടൂർ പാലുള്ള പറമ്പത്ത് രാമചന്ദ്രന്റെ മകൻ ടി.എം. രഞ്ജിത്ത് (27), സുഹൃത്ത് തലശ്ശേരി കതിരൂർ ഡയമണ്ട് മുക്ക് സ്വദേശി നിധീഷ് (27) എന്നിവരാണ് മരിച്ചത്. പരിക്കേറ്റ കാർ ഡ്രൈവർ പുതുപ്പണം സുമയ്യ മഹൽ സുനീർ (27), യാത്രക്കാരായ പുതുപ്പണം ചെമ്മിണിത്താഴ ഷംസീർ (31), പാലയാട് നട കുനിയിൽ മുഹമ്മദ് (44) എന്നിവരെ വടകര സഹകരണ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇടിയുടെ ആഘാതത്തിൽ റോഡിൽ തെറിച്ചുവീണ നിധീഷും രഞ്ജിത്തും ആശുപത്രിയിലേക്ക് കൊണ്ടുപോകും വഴിയാണ് മരിച്ചത്.

നിധീഷ് കൊയിലാണ്ടി കൊല്ലം അനന്തപുരി ക്ഷേത്രത്തിലെ ജീവനക്കാരനാണ്.

സുഹൃത്തുക്കളായ ഇവർ ബൈക്കിൽ കൊയിലാണ്ടിയിലേക്ക് വരുമ്പോഴാണ് അപകടത്തിൽപെട്ടത്. അമിത വേഗതയിൽ നിയന്ത്രണം വിട്ട ലോറി ആദ്യം മോട്ടോർ ബൈക്കിലും പിന്നീട് കാറിലും ഇടിച്ച് തൊട്ടടുത്ത മതിൽ തകർത്താണ് നിന്നത്. ചെങ്കല്ല് ഇറക്കി കണ്ണൂർ ഭാഗത്തേക്ക് പോവുകയായിരുന്നു മിനിലോറി. രഞ്ജിത്തിന്റെ മാതാവ് രാധ. സഹോദരി രമ്യ.

അരിയുടെ ഈടിൽ പണം; കരിഞ്ചന്തക്ക് ബാങ്കുകളുടെ പിന്തുണ

ടി. ജുവിൻ

തൊടുപുഴ: സംസ്ഥാനത്ത് വാണിജ്യ ബാങ്കുകളുടെ പിന്തുണയോടെ അരി കരിഞ്ചന്ത കൊഴുക്കുന്നു. അരിയുടെ ഈടിൽ വൻ വായ്പ നൽകാൻ ബാങ്കുകൾ തയാറായതോടെയാണ് കരിഞ്ചന്തക്ക് വ്യാപ്തി കൂടിയത്.

കേരളത്തിലെ മുൻനിര വാണിജ്യ ബാങ്കുകൾ പ്രമുഖ അരി വ്യാപാരികൾക്ക് 200 കോടിയാണ് വായ്പ നൽകിയിരിക്കുന്നത്. 250 കോടി വിലമതിക്കുന്ന അരി ഗോഡൗണുകളിൽ സൂക്ഷിച്ചാണ് ഇതിന് ഈട് നൽകുന്നത്. കൊല്ലം, അമ്പലപ്പുഴ, ചങ്ങനാശേരി, തൃശൂർ എന്നിവിടങ്ങളിൽ ഇത്തരം ഗോഡൗണുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ പലതിന്റെയും താക്കോൽ ബാങ്കുകളുടെ പക്കലാണ്. ഇത്തരത്തിൽ വായ്പ എടുത്ത വ്യാപാരികൾ തന്നെയാണ് സിവിൽ സപ്ലൈസ് കോർപറേഷനും മറ്റും അരി നൽകുന്നത്.

ആന്ധ്രയിൽനിന്ന് കൊണ്ടുവരുന്ന അരി ഈടെന്ന പേരിൽ ദിവസങ്ങളോളം ഗോഡൗണിൽ സൂക്ഷിക്കുകയാണ്. പുതിയ സ്റ്റോക്ക് വരുമ്പോൾ പഴയ സ്റ്റോക്ക് ഗോഡൗണിൽനിന്ന് നീക്കും. ഫലത്തിൽ, കുറഞ്ഞ വിലയ്ക്ക് അന്യ സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്ന അരി കേരളത്തിൽ വില കൂടുന്ന അവസരത്തിൽ വിറ്റഴിക്കുകയാണ് വ്യാപാരികൾ ചെയ്യുന്നത്. അരിവില പിടിച്ചുനിർത്താൻ സർക്കാർ എടുക്കുന്ന നടപടികൾക്ക് വേണ്ടത്ര ഫലം കിട്ടാത്തതിന് ഒരു കാരണവും ഇതാണ്.

ബാങ്കുകൾ വായ്പ നൽകുന്നത് നിർത്തിയാൽ അരി എത്രയും വേഗം വിറ്റഴിക്കാൻ വ്യാപാരികൾ നിർബന്ധിതരാകും. ഇതോടെ വിപണി വില കുറയുകയും ചെയ്യും. ഇതോടൊപ്പം അരിമില്ലുകളുടെ വിറ്റുവരവ് സംബന്ധിച്ചും ദുരൂഹതയുണ്ടെന്ന് അരി വ്യാപാരികൾ ചൂണ്ടിക്കാണിക്കുന്നു. മില്ലുകളിലേക്ക് എത്തുന്ന നെല്ലിന് ആനുപാതികമായ അരിയല്ല അവർ വിൽക്കുന്നതെന്നാണ് വ്യാപാരികൾ പറയുന്നത്.

പല പദ്ധതികൾക്കായി അനുവദിച്ച അരി മുതൽ സാധാരണ റേഷനരി വരെ മില്ലുകളിൽ എത്തിച്ച് പായ്ക്ക് ചെയ്ത് വിൽക്കുന്നുണ്ട്. കേരളത്തിൽ പ്രതിവർഷം ആറു ലക്ഷം ടൺ നെല്ല് ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നാണ് കണക്ക്. ഇതിൽ നിന്ന് എത്ര അരി സംസ്ഥാനത്തിന് കിട്ടുന്നുണ്ടെന്ന് വ്യക്തമല്ല. സിവിൽ സപ്ലൈസ് കോർപറേഷൻ താങ്ങുവില നൽകി സംഭരിക്കുന്ന നെല്ലിൽനിന്ന് എത്രമാത്രം അരി കോർപറേഷൻ വഴി ജനങ്ങളിലെത്തുന്നുണ്ടെന്ന് പരിശോധിച്ചാൽ കൃത്രിമം കണ്ടെത്താനാകുമെന്നും വ്യാപാരികൾ പറയുന്നു.

ജലനിധി : 15 പഞ്ചായത്തുകൾ കൂടി കരാർ ഒപ്പിട്ടു

തിരുവനന്തപുരം: ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത 68 ഗ്രാമപഞ്ചായത്തുകളിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ക്ലിയറൻസ് ലഭിച്ച 15 ഗ്രാമപഞ്ചായത്തുകൾ കൂടി ജലനിധിയുമായി കരാർ ഒപ്പിട്ടു.

വയനാട് ജില്ലയിലെ തൊണ്ടർനാട്, കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ, മണിയൂർ, കീഴരിയൂർ, ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ, വണ്ണപ്പുറം, വാത്തിക്കുടി, ബൈസൺ വാലി, കാന്തല്ലൂർ, മാങ്കുളം കോട്ടയം ജില്ലയിലെ ഭരണങ്ങാനം, തലപ്പാലം, കൂരോപ്പട, പനച്ചിക്കാട്, മരങ്ങാട്ടുപള്ളി എന്നീ പഞ്ചായത്തുകളാണ് കരാറിൽ ഒപ്പിട്ടത്.

കരാർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ, ശുചിത്വ സംവിധാനങ്ങൾ, ഭൂജല പരിപോഷണ പദ്ധതികൾ എന്നിവ നടപ്പാക്കും.

ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ പ്രണബ് ജ്യോതി നാഥ് ഐ.എ.എസിന്റെ സാന്നിധ്യത്തിൽ എറണാകുളം ഗവൺമെൻറ് ഗെസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്തിനുവേണ്ടി പ്രസിഡൻറുമാരും സെക്രട്ടറിമാരും ജലനിധിക്കുവേണ്ടി റീജനൽ പ്രോജക്ട് ഡയറക്ടർമാരുമാണ് കരാറിൽ ഒപ്പിട്ടത്.